**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3920** **28-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥയുടെ മൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥയുടെ മൂല്യത്തിന്റെ വർദ്ധന സംബന്ധിച്ച് ആഗോള സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ അവലോകനം ചെയ്യുന്ന ആഗോള ഏജൻസിയായ സ്റ്റാർട്ടപ്പ് ജിനോമിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 മുതൽ 2021 വരയുള്ള കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ 2021 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ 254% കോമ്പൗണ്ട് ആന്വൽ ഗ്രോത്താണ് പ്രസ്തുത ഏജൻസി കണ്ടെത്തിയിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥയുടെ ആകെ മൂല്യം എത്രയാണ്; ഈ മേഖലയിൽ നേടിയിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മേൽപ്പറഞ്ഞ സ്റ്റാർട്ടപ്പ് ജീനോമിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ മൂല്യം 1.7 ബില്യൺ ഡോളർ (14181.47 കോടി രൂപ) ആണ്. ഈ മേഖലയിൽ മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തുന്നത്. |
| (സി) | അനിമേഷൻ, ഗെയിമിംഗ് രംഗത്ത് എ.വി.ജി.സി.-എക്സ്.ആർ. മേഖലയിൽ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കരട് നയം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ ലക്ഷ്യമിടുന്ന പുരോഗതി വിശദമാക്കുമോ? | (സി) | സംസ്ഥാന അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ് & എക്സ്റ്റൻഡഡ് റിയാലിറ്റി (AVGC-XR) നയം 2024 തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കരട് നയം പ്രസിദ്ധീകരിച്ച് അതിന്മേലുള്ള അഭിപ്രായം ആരാഞ്ഞതിനു ശേഷമാണ് നയത്തിന് 14/03/2024ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.03/2024/വിസവ നമ്പർ പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2029-ഓടെ 250 AVGC-XR കമ്പനികൾ രാജ്യത്തെ ആകെ AVGC-XR ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ 10%, 50000 പുതിയ തൊഴിലവസരങ്ങൾ, 10000 പ്രൊഫഷണലുകൾക്ക് ഈ മേഖലയിലെ നൈപുണ്യം, 150 സ്റ്റാർട്ടപ്പുകൾക്ക് ഈ മേഖലയിൽ ഇൻക്യുബേഷൻ, രാജ്യത്ത് സൃഷ്ടിക്കുന്ന AVGC-XR |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങളുടെ 15% എന്നിവയാണ് ഈ നയത്തിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ